**"ഭരണഭാഷ-മാതൃഭാഷ"**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

തൊഴിൽ ഭവൻ, തിരുവനന്തപുരം
നമ്പർ:G1/40153/2018 തീയതി: 13/05/2019

## വിജ്ഞാപനം

വിഷയം: – വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് 2019 ജൂൺ – 2014, 2015, 2016, 2017 വർഷങ്ങളിൽ എം.ഐ.എസ്, പോർട്ടൽ മുഖേന അഡ്മിഷൻ നേടിയ ട്രെയിനികൾ – 2014, 2015 2016 എന്നീ വർഷങ്ങളിൽ അഡ്മിഷൻ നേടിയവർക്കുള്ള ഒന്ന് , രണ്ട്, മൂന്ന്, നാല് സെമസ്റ്റർ (സപ്ലിമെന്ററി) – 2017-ൽ അഡ്മിഷൻ നേടിയവർക്കുള്ള ഒന്നാം, രണ്ടാം, മൂന്നാം സെമസ്റ്റർ സെസ്റ്റർ (സപ്ലിമെന്ററി), എന്നീ പരീക്ഷകൾക്ക് പങ്കെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

******

സംസ്ഥാനത്തെ സർക്കാർ /എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/സ്വകാര്യ ഐ.ടി.ഐ കളിൽ എൻ.സി.വി.റ്റി. അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ ആഗസ്റ്റ് 2014, 2015, 2016 വർഷങ്ങളിൽ എം.ഐ.എസ്. പോർട്ടൽ മുഖേന അഡ്മിഷൻ നേടിയ ട്രെയിനികളിൽ 1,2,3,4 സെമസ്റ്റർ പരീക്ഷകൾ എഴുതി മുമ്പ് പരാജയപ്പെട്ടവർക്ക് 2019 ജൂൺ മാസത്തിൽ നടത്തുന്ന 1,2,3,4 അഖിലേന്ത്യാ സെമസ്റ്റർ സപ്ലിമെന്റർറി പരീക്ഷയിൽ പങ്കെടുക്കുന്നതിനും, 2017 ആഗസ്റ്റ് മാസത്തിൽ എം.ഐ.എസ്. പോർട്ടൽ മുഖേന അഡ്മിഷൻ നേടിയതും ഒന്നും രണ്ടും മൂന്നും സെമസ്റ്റർ പരീക്ഷ എഴുതി പരാജയപ്പെട്ടവരുമായ ട്രെയിനികൾക്ക് 2019 ജൂൺ മാസത്തിൽ നടത്തുന്ന ഒന്നും, രണ്ടും മൂന്നും സെമസ്റ്റർ (സപ്ലിമെന്റർറി) പരീക്ഷയിൽ പങ്കെടുക്കുന്നതിനും അപേക്ഷ ക്ഷണിക്കുന്നു.

2014 ആഗസ്റ്റിൽ അഡ്മിഷൻ നേടിയ ട്രെയിനികൾക്ക് ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കണമെങ്കിൽ അവർ ഒന്ന്, രണ്ട്, മൂന്ന് നാല് സെമസ്റ്ററുകളിൽ 5 അവസരങ്ങൾ ഉപയോഗിക്കാത്തവർ ആയിരിക്കണം.

2015 ആഗസ്റ്റിൽ അഡ്മിഷൻ നേടിയ ട്രെയിനികൾക്ക് ഒന്ന്, രണ്ട് സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കണമെങ്കിൽ അവർ ഒന്ന്, രണ്ട് സെമെസ്റ്ററിൽ 5 അവസരങ്ങൾ ഉപയോഗിക്കാത്തവർ ആയിരിക്കണം.

"0230-ലേബർ & എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 170/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ, അപേക്ഷ, എസ്.എസ്.എൽ.സി-യുടെ പകർപ്പ്, ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾ മുമ്പ് ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾടിക്കറ്റിന്റെ പകർപ്പ് , രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ച ട്രെയിനികൾ മുൻപ് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾടിക്കറ്റിന്റെ പകർപ്പ്, മൂന്നാം സെമസ്റ്റർ(സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ച ട്രെയിനികൾ മുമ്പ് മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾടിക്കറ്റിന്റെ പകർപ്പ്, നാലാം സെമസ്റ്റർ(സപ്ലിമെന്ററി) പരീക്ഷയിൽ

പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ച ട്രെയിനികൾ മുമ്പ് നാലാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾടിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം **17/05/2019** ന് വൈകുന്നേരം 4 മണിക്കു മുമ്പായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. 60 രൂപ ഫൈനോടുകൂടി ഐ.ടി.ഐയിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **18/05/2019** -ന് വൈകുന്നേരം 4 മണി ആയിരിക്കും.

സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.റ്റി. നടത്തി വരുന്നത്. ടി ഒ.എം.ആർ ഷീറ്റുകൾ പ്രിന്റ് ചെയ്ത് പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും, പരീക്ഷ കഴിഞ്ഞ ശേഷം ടി ഒ.എം.ആർ. ഷീറ്റുകൾ തിരികെ കൊണ്ടു പോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചെലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75 രൂപാ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ഹാൾടിക്കറ്റ് വിതരണത്തിനു മുമ്പ് ഡി.ജി.റ്റിയിൽ നൽകണമെന്ന് 13/11/2014 തീയതിയിലെ DGT-19(7)/2014-CD നമ്പർ കത്തു മുഖേന ഡി.ജി.റ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ട്രെയിനികളിൽ നിന്നും ടി 75/- രൂപാ വീതം ശേഖരിച്ച് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ ശേഖരിച്ച ഫീസിൻമേൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട മേൽ നടപടിക്രമങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് പിന്നീട് അറിയിക്കുന്നതായിരിക്കും. അതനുസരിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ പാടുള്ളു.

30/01/2018 തീയതിയിലെ MSDE-18011/DGT/2017-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് നെഗറ്റീവ് മാർക്ക് സമ്പ്രദായം നിർത്തലാക്കിയതായി ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്.

ട്രെയിനികൾക്ക് ട്രേഡ് ടെസ്റ്റിന് പങ്കെടുക്കുന്നതിനുള്ള ഹാൾ ടിക്കറ്റുകൾ എം.ഐ.എസ് പോർട്ടൽ മുഖേന നേരിട്ടാണ് ഡി.ജി.റ്റി വിതരണം നടത്തുന്നത്. ആയതിനാൽ അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികളുടെ വിവരങ്ങൾ എം .ഐ.എസ് പോർട്ടലിൽ രേഖപ്പെടുത്തണമെന്ന് ഡി.ജി.റ്റി നിർദ്ദേശിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ പ്രസ്തുത ട്രെയിനികളുടെ വിവരങ്ങൾ ടി പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. <u>എം.ഐ.എസ് പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്താത്ത ട്രെയിനികൾക്ക് ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ് ലഭിക്കുന്നതല്ല എന്ന വിവരം പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.</u>

**ADDITIONAL DIRECTOR**
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

ഭരണഭാഷ മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ
തിരുവനന്തപുരം-33,
തീയതി: 11/05/2019

<u>നിർദ്ദേശങ്ങൾ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂൺ 2019- ഒന്ന്/രണ്ട്/മൂന്ന്/നാല് സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷകളിൽ പങ്കെടുക്കുന്നതിന്- അപേക്ഷകൾ ട്രെയിനികളിൽ നിന്ന് സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ/ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്.

***********

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ താഴെപ്പറയുന്ന നടപടിക്രമങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ/നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

- നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.
- ടി ട്രെയിനി എൻ.സി.വി.ടി. അഫിലിയേഷൻ നേടിയിട്ടുള്ള ട്രേഡിൽ പഠിക്കുന്ന ട്രെയിനിയാണോ എന്നും ടി ട്രെയിനിയുടെ വിവരം എം.ഐ.എസ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ളതാണോയെന്നും ഉറപ്പാക്കേണ്ടതാണ്.
- ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾ മുൻപ് ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾടിക്കറ്റിന്റെ പകർപ്പ്, രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾ മുൻപ് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾടിക്കറ്റിന്റെ പകർപ്പ്, മൂന്നാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾ മുൻപ് മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾടിക്കറ്റിന്റെ പകർപ്പ്, നാലാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾ മുൻപ് നാലാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾടിക്കറ്റിന്റെ പകർപ്പ് ഇടങ്ങിയ രേഖകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
- അപേക്ഷകളിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ട്രെയിനികൾ പൂരിപ്പിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
- ട്രെയിനിയുടെ എസ്.എസ്.എൽ.സി.യുടെ പകർപ്പ്, നിശ്ചിത പരീക്ഷാ ഫീസ് ഒടുക്കിയ ഒറിജിനൽ ചെലാൻ അപേക്ഷ ഇടങ്ങിയ രേഖകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ് .
- 2014 ആഗസ്റ്റിൽ അഡ്മിഷൻ നേടിയ ട്രെയിനികൾ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ അവർ 5 ചാൻസുകൾ വിനിയോഗിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തണം.
- 2015 ആഗസ്റ്റിൽ അഡ്മിഷനായവർ ഒന്ന്, രണ്ട് സെമസ്റ്ററിനു 5 അവസരങ്ങൾ വിനിയോഗിച്ചിട്ടില്ലെന്നു ഉറപ്പുവരുത്തണം.
- ഒ.എം.ആർ.മാതൃകയിലുള്ള പരീക്ഷ നടത്തിപ്പിന് വേണ്ടി ഡി.ജി.റ്റി നിശ്ചയിച്ചിട്ടുള്ള ഫീസായ 75/- രൂപ ഒരോ ട്രെയിനിയിൽ നിന്നും അപേക്ഷയോടൊപ്പം

ശേഖരിക്കേണ്ടതാണ്. ടി തുകയിൽ മേലുള്ള മേൽ നടപടികൾ ഡയറക്ടറേറ്റിൽ നിന്ന് പിന്നീട് അറിയിക്കുന്നതായിരിക്കും. ടി നിർദ്ദേശം ലഭിച്ചതിന് ശേഷം മാത്രമേ ഫീസ് സംബന്ധിച്ചിട്ടുള്ള മേൽനടപടികൾ സ്വീകരിക്കുവാൻ പാടുള്ളൂ എന്നറിയിക്കുന്നു. ശേഖരിക്കുന്ന തുകയുടെ വിവരം അനുബന്ധം 2 പ്രകാരമുള്ള മാതൃകയിൽ രണ്ട് പകർപ്പുകൾ തയ്യാറാക്കി അപേക്ഷകളോടൊപ്പം നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് കൈമാറേണ്ടതാണ്.

ടി വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ രേഖപ്പെടുത്തിയാൽ മാത്രമേ 2018 ജൂലൈ യിൽ നടക്കുന്ന ഒന്ന്, രണ്ട്. മൂന്ന്, നാല് സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള ഹാൾടിക്കറ്റ് ട്രെയിനികൾക്ക് ലഭിക്കുകയുള്ളൂ എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

എം.ഐ.എസ് പോർട്ടലിൽ ട്രെയിനികളുടെ വിവരങ്ങൾ രേഖപ്പെടുത്താനുള്ള അറിയിപ്പ് ഡി.ജി.റ്റി.യിൽ നിന്ന് ലഭിച്ചാലുടനെ തന്നെ ട്രെയിനികളുടെ വിവരങ്ങൾ ടി പോർട്ടലിൽ രേഖപ്പെടുത്താൻ എല്ലാ സ്ഥാപന മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിച്ച ഏതെങ്കിലും ട്രെയിനികൾക്ക് എം.ഐ.എസ് പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്താത്ത കാരണത്താൽ ഹാൾടിക്കറ്റ് ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് മാത്രമായിരിക്കും എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

<u>സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ട്രെയിനികളിൽ നിന്നും സ്വീകരിക്കുന്ന അപേക്ഷകൾ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ മാർക്ക് കൈമാറുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ</u>

24/12/2014 തീയതിയിലെ ജി1/35222/2014 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ/ ആർ.ഐ.സെന്റർ /ബി.റ്റി.സി/എ.വി.റ്റി.എസ് തുടങ്ങിയ സ്ഥാപനങ്ങളെ പുതിയ നോഡൽ ഐ.ടി.ഐകളായി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/ സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ അവരുടെ നോഡൽ ഐ.ടി.ഐ ആയി നിശ്ചയിച്ചിട്ടുള്ള സർക്കാർ സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന രേഖകൾ 24/05/2019 ന മുൻപായി സമർപ്പിക്കേണ്ടതാണ്.

- ട്രെയിനികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷ ശുപാർശ ചെയ്ത് കൈമാറേണ്ടതാണ്. കൂടാതെ മുൻപ് ഒന്ന്/രണ്ട്/മൂന്ന്/നാല് സെമസ്റ്റർ എഴുതുന്നതിന് എം.ഐ.എസ് പോർട്ടൽ മുഖേന ലഭിച്ചതും നോഡൽ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയതുമായ ഹാൾടിക്കറ്റുകളുടെ പകർപ്പുകൾ ഓരോ അപേക്ഷയും ഉള്ളടക്കം ചെയ്ത് കൈമാറേണ്ടതാണ്.
- അപേക്ഷയോടൊപ്പം ട്രെയിനികളുടെ എസ്.എസ്.എൽ.സി.യുടെ പകർപ്പ്, അസ്സൽ ചെല്ലാൻ തുടങ്ങിയവ കൈമാറേണ്ടതാണ്.
- ഓരോ ട്രേഡിലേയും ട്രെയിനികളുടെ വിവരങ്ങൾ അഡ്മിഷൻ സമയത്ത് എം.ഐ.എസ് പോർട്ടലിൽ രേഖപ്പെടുത്തിയതിന്റേത 'പ്രിന്റ് ഔട്ട്' എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് (എ,ബി,സി ഫോർമാറ്റിൽ).
- അനുബന്ധം-II തയ്യാർ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ടോ എന്നുറപ്പാക്കണം.

കൈമാറുന്ന ട്രെയിനികളുടെ വിവരം ഓരോ ട്രേഡ് പ്രകാരം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന അനുബന്ധം -I പ്രകാരമുള്ള മാതൃകയിൽ പട്ടികയായി (രണ്ട് പകർപ്പ്) നൽകേണ്ടതാണ്. ഇതിൽ ഒരു പകർപ്പ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച ശേഷം നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ മേലൊപ്പ ചാർത്തി തിരികെ നൽകുന്നതായിരിക്കും. ഇപ്രകാരം നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് കൈമാറുന്ന അനുബന്ധം -I പ്രകാരമുള്ള ട്രെയിനികളുടെ വിവരങ്ങൾ എം .ഐ.എസ്

പോർട്ടലിൽ രേഖപ്പെടുത്തുന്നതിന് ഡി.ജി.റ്റി.യിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തലുകൾ വരുത്തി ഹാൾടിക്കറ്റുകൾ പ്രിന്റ് ചെയ്ത് ടി ഹാൾടിക്കറ്റിൽ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ മേലൊപ്പ് ചാർത്തിയ അനുബന്ധം-I പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെടെ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി ഹാൾടിക്കറ്റിൽ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരുടെ ഒപ്പ് വാങ്ങേണ്ടതാണ്. നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ മേലൊപ്പ് ചാർത്തിയ ഹാൾടിക്കറ്റുമായി വരുന്ന ട്രെയിനികളെ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളൂ . ഇതിൽ വീഴ്ച വരുത്തരുതെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

<u>നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ</u>

നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ അവരുടെയും അവരുടെ അധികാര പരിധിയിൽ വരുന്ന സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/ സ്വകാര്യ ഐ.ടി.ഐകളിൽ നിന്നും സമർപ്പിക്കുന്ന അപേക്ഷകൾ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശ പ്രകാരം പരിശോധിച്ച ശേഷം കൈപ്പറ്റേണ്ടതാണ്.

- ട്രെയിനികളുടെ അപേക്ഷ, എസ്.എസ്.എൽ.സി-യുടെ പകർപ്പ്, അസ്സൽ ചെലാൻ, മുൻപ് ഒന്ന്/രണ്ട്/മൂന്ന്/നാലാം സെമസ്റ്റർ പരീക്ഷ എഴുതിയതും എം.ഐ.എസ് പോർട്ടൽ മുഖേന ലഭിച്ചതുമായ ഹാൾടിക്കറ്റിന്റെ നോഡൽ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുബന്ധം-I, 2 പ്രകാരമുള്ള പട്ടികകൾ, അനുബന്ധം 3 പ്രകാരമുള്ള സമ്മതപത്രം, തുടങ്ങിയ രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കണം.
- അപേക്ഷ മറ്റ് അനുബന്ധ രേഖകളും ഒത്തു നോക്കി ശരിയാണെന്ന് ബോധ്യപ്പെടുകയാണെങ്കിൽ അനുബന്ധം 1, 2, 3 പ്രകാരമുള്ള രേഖകളുടെ ഒരു പകർപ്പിൽ നോഡൽ പ്രിൻസിപ്പാൾമാർ ഒപ്പ് രേഖപ്പെടുത്തി ഔദ്യോഗിക പേര്, ഔദ്യോഗിക മേൽ വിലാസം, ഓഫീസ് മുദ്ര എന്നിവ പതിപ്പിച്ച് സ്ഥാപന മേധാവികൾക്ക് തിരികെ നൽകേണ്ടതാണ്.
- ഇപ്രകാരം നോഡൽ ഐ.ടി.ഐയിൽ നിന്ന് ഒപ്പും മുദ്രയും പതിപ്പിച്ച ഹാൾടിക്കറ്റുകളുമായി വരുന്ന ട്രെയിനികൾക്ക് മാത്രമേ പരീക്ഷാ ഹാളിൽ പ്രവേശിക്കുവാൻ പാടുള്ളൂ എന്ന വിവരം ബന്ധപ്പെട്ട പരീക്ഷ കേന്ദ്രങ്ങളുടെ ചുമതല ഏൽപ്പിക്കുന്ന ചീഫ് /അസിസ്റ്റന്റ് സൂപ്രണ്ടുമാർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.
- നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ തങ്ങളുടെ സ്ഥാപനത്തിലെയും അപേക്ഷകൾ ടി മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് സ്വീകരിക്കേണ്ടത്.

ഇപ്രകാരം കൈപ്പറ്റുന്ന അപേക്ഷകളും അനുബന്ധരേഖകളും ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ടി രേഖകൾ ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതാണ്.

ADDITIONAL DIRECTOR

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്:- എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.ടി.ഡി.ഡി/ സ്വകാര്യ ഐ.ടി.ഐ
പ്രിൻസിപ്പാൾമാർക്കും, എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും,

ബി.റ്റി.സി./എ.വി.റ്റി.എസ് പ്രിൻസിപ്പാൾമാർക്കും

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് മാർക്കും. (ടി നടപടിക്രമങ്ങൾ സമയബന്ധിതമായും, മാർഗ്ഗ നിർദ്ദേശപ്രകാരവും നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

അനുബന്ധം 1

ഐ.ടി.ഐ. യുടെ പേര്: സെമസ്റ്റർ:- സെമസ്റ്റർ ഒന്ന് (സപ്ലിമെൻററി)/ രണ്ട് (സപ്ലിമെൻററി)/ മൂന്ന്(സപ്ലിമെൻററി)/ നാല്(സപ്ലിമെൻററി)

| ക്രമ നമ്പർ | ട്രെയിനിയുടെ പേര് | ട്രേഡ് | ചെലാൻ നമ്പർ /ട്രഷറിയുടെ പേര് | തുക |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ ഒപ്പ്

ഔദ്യോഗിക പേര്

ഔദ്യോഗിക മേൽ വിലാസം

തീയതി:

സ്ഥലം:

## പരിശോധനാ സർട്ടിഫിക്കേറ്റ്

മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം സൂക്ഷ്മമായി പരിശോധിക്കുകയും എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ട്രെയിനികളെ 2019 ജൂൺ മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ/രണ്ടാം സെമസ്റ്റർ/മൂന്നാം സെമസ്റ്റർ/നാലാം സെമസ്റ്റർ പരീക്ഷയിൽ സപ്ലിമെന്ററിയായി പങ്കെടുപ്പിക്കുന്നതിന് അനുമതി നൽകാമെന്ന് ശുപാർശ ചെയ്യുന്നു. വിജ്ഞാപന പ്രകാരമുള്ള അപേക്ഷയും മറ്റ് രേഖകളും സ്ഥാപന മേധാവിയിൽ നിന്ന് കൈപ്പറ്റി ഭദ്രമായി ഐ.ടി.ഐ. യിൽ സൂക്ഷിച്ചിട്ടുണ്ട്.

(നോഡൽ ഓഫീസ് മുദ്ര) നോഡൽ പ്രിൻസിപ്പാളിന്റെ ഒപ്പ്

ഔദ്യോഗിക പേര്

ഔദ്യോഗിക മേൽ വിലാസം

തീയതി:

സ്ഥലം:

**ഒ.എം.ആർ. ഷീറ്റുമായി ബന്ധപ്പെട്ട് ഡി.ജി.റ്റി. യ്ക്ക് നൽകേണ്ട പരീക്ഷാ ഫീസായ 75/- രൂപ വീതം അപേക്ഷകനിൽ നിന്നും ശേഖരിച്ചതിൻെറ വിവരം**

## അനുബന്ധം 2

ഐ.ടി.ഐ. യുടെ പേര്: സെമസ്റ്റർ:- സെമസ്റ്റർ ഒന്ന് (സപ്ലിമെൻററി)/ രണ്ട് (സപ്ലിമെൻററി)/ മൂന്ന് (സപ്ലിമെൻററി)/നാല് (സപ്ലിമെൻററി)

| ക്രമ നമ്പർ | ട്രേഡിൻെറ പേര് | അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ എണ്ണം | 75/- രൂപ വീതം ശേഖരിച്ച തുക | റിമാർക്ക് |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| ആകെ തുക | | | | |

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിൻെറ ഒപ്പ്

ഔദ്യോഗിക പേര്

ഔദ്യോഗിക മേൽ വിലാസം

തീയതി:

സ്ഥലം:

## സമ്മത പത്രം

അപേക്ഷ സമർപ്പിച്ച എല്ലാ ട്രെയിനികളിൽ നിന്നും 75/- രൂപ ക്രമത്തിൽ ശേഖരിച്ചിട്ടുണ്ടെന്നും മുകളിൽ സൂചിപ്പിച്ചിട്ടുള്ള ....................രൂപ (അക്ഷരത്തിൽ) ഡയറക്ടറേറ്റിൽ നിന്ന് അറിയിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കും എന്നും ഞാൻ ഉറപ്പ് നൽകുന്നു.

(ഓഫീസ് മുദ്ര) ഒപ്പ്:

പ്രിൻസിപ്പാളിൻെറ പേര്:

ഔദ്യോഗിക മേൽ വിലാസം:

# അനുബന്ധം 3

## സമ്മത പത്രം

ആഗസ്റ്റ് 2014/ ആഗസ്റ്റ് 2015/ആഗസ്റ്റ് 2016/ആഗസ്റ്റ് 2017 ൽ അഡ്മിഷനായതും ജൂൺ 2019 ൽ നടത്തുന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ (സപ്ലിമെൻററി) പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതുമായ ട്രെയിനികളുടെ വിവരങ്ങൾ ഞാൻ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്താൻ ഡി.ജി.റ്റി അറിയിക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തിയാൽ മാത്രമേ ഇവർക്ക് ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളു എന്ന് ഉത്തമ ബോദ്ധ്യമുണ്ട്. ഇതിൽ വീഴ്ച സംഭവിച്ചാൽ എനിക്ക് മാത്രമായിരിക്കും പൂർണ്ണ ഉത്തരവാദിത്തം എന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പ്രിൻസിപ്പാളിൻെറ ഒപ്പ്:

പേര്:

ഔദ്യോഗിക മേൽ വിലാസം:

(ഓഫീസ് മുദ്ര)

സ്ഥലം:

തീയതി:

(ടി സമ്മത പത്രം അപേക്ഷയോടൊപ്പം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് കൈമാറേണ്ടതാണ്)

എസ്സ്/